Editorial

# ജൂലൈ: വിശേഷപ്പെട്ട മാസം

ജൂലൈ ഭാരതസഭയ്ക്കും വിജയപുരം രൂപതയ്ക്കും വളരെ വിശേഷപ്പെട്ട മാസമാണ്. ഭാരതത്തിന്റെ പ്രഥമ അപ്പോസ്തലനായ വിശുദ്ധ തോമാശ്ലീഹായുടെ തിരുനാൾ ജൂലൈ മാസം മൂന്നാം തീയതിയിലാണ് നാം കൊണ്ടാടുക. അന്നാണല്ലോ അദ്ദേഹം യേശുവിനെപ്രതി രക്തസാക്ഷിയായത്. കർമ്മലീത്താ മിഷനറിമാരാൽ രൂപപ്പെടുത്തപ്പെട്ട വിജയപുരം രൂപതയ്ക്ക് വിശേഷപ്പെട്ട ദിവസമാണ് ജൂലൈ 16. അന്നാണ് കർമ്മലമാതാവിന്റെ തിരുനാൾ നാം കൊണ്ടാടുന്നത്. ഈ രണ്ടു തിരുനാളുകളെക്കുറിച്ചും മുൻവർഷങ്ങളിൽ എഡിറ്റോറിയലിലൂടെ നാം ധ്യാനിച്ചിട്ടുണ്ട്. ഈ വർഷം മറ്റൊരു തിരുനാളിലേക്കാണ് നിങ്ങളുടെ ശ്രദ്ധയെ ക്ഷണിക്കുന്നത്. ജൂലൈ മാസം 29-ാം തീയതിയിലെ തിരുനാളാണത്. ഇതുവരെ അത് വിശുദ്ധ മത്തായിയുടെ തിരുനാൾ ദിനമായിരുന്നു. 2021 ഫെബ്രുവരി 2-ാം തീയതി പരിശുദ്ധ ഫ്രാൻസിസ് പാപ്പ പുറപ്പെടുവിച്ച വിളംബര പ്രകാരം അതിനി വിശുദ്ധരായ മർത്തായുടെയും മേരിയുടെയും ലാസറിന്റെയും തിരുനാൾ ദിനമാണ്. യേശുവിന്റെ സ്നേഹിതർ എന്ന് വിളിക്കപ്പെട്ടിരുന്ന സോദരങ്ങളാണവർ. ജറുസലെമിൽ നിന്ന് മൂന്നു മൈൽ ദൂരത്തുള്ള ബഥനിയായിലെ അവരുടെ ഭവനത്തിലാണ് യേശു ജറുസലെമിൽ വരുമ്പോഴൊക്കെ താമസിച്ചിട്ടുള്ളത്. പീഡാസഹനത്തിന്റെ ആഴ്ചകളിൽ പോലും അവിടുന്ന് ആശ്വാസം തേടിയതും കണ്ടെത്തിയതും സ്നേഹാന്തരീക്ഷം നിറഞ്ഞ ആ ഭവനത്തിലാണ്. കുടുംബങ്ങളുടെ പ്രാധാന്യവും കുടുംബങ്ങളിൽ പുലരേണ്ട പരസ്പരം കരുതുകയും സ്നേഹിക്കുകയും ചെയ്യുന്ന സാഹോദര്യത്തിന്റെ മനോഭാവവും പെരുമാറ്റവും ബന്ധങ്ങളും ശുശ്രൂഷകളും എടുത്തു കാട്ടാനാണ് പാപ്പ ഈ തിരുനാളിനെ ഇങ്ങനെ പുനർനാമകരണം ചെയ്തത്.

മർത്തായും മറിയവും ലാസറും പ്രത്യേക വ്യക്തിത്വമുള്ളവരും യേശുവിനോട് വ്യക്തിപരമായി ബന്ധം പുലർത്തിയവരുമായിരുന്നു. ഓരോരുത്തരെയും അവിടുന്ന് പേരു ചൊല്ലി വിളിച്ചു; മർത്താ, മർത്താ (ലൂക്കാ 10:41), മറിയം (യോഹ. 20:16)), നമ്മുടെ സ്നേഹിതനായ ലാസർ (യോഹ 11:11), ലാസറേ പുറത്തുവരുക. (യോഹ. 11:43)

**1. മർത്താ.** മറിയത്തിന്റെ ചേച്ചിയും ലാസറിന്റെ അനുജത്തിയുമാരുന്നു മർത്താ. യേശുവിനെ തന്റെ അതിഥിയായി തന്റെ ഭവനത്തിലേക്ക് സ്വീകരിക്കാനും സൽക്കരിക്കാനും ഭാഗ്യം ലഭിച്ചവളാണവൾ. വിശ്വാസികൾക്കെല്ലാം അവർ നല്ല മാതൃകയാണ്. അസുഖം ബാധിച്ച തന്റെ സഹോദരനെ സുഖപ്പെടുത്താനും മരിച്ചുകഴിഞ്ഞും അവനു ജീവനേകാനും യേശുവിന് കഴിയുമെന്ന് അവൾ വിശ്വസിച്ചു. മരിച്ചവരുടെ ഉത്ഥാനത്തിലും നിത്യജീവനിലും അവൾ വിശ്വസിച്ചു. താൻ ജീവനും പുനരുത്ഥാനവുമാണെന്ന് യേശു വെളിപ്പെടുത്തിയപ്പോൾ അവിടുന്ന് മിശിഹായാണെന്നും ദൈവപുത്രനാണെന്നും അവൾ ഏറ്റുപറഞ്ഞു. കൂടാതെ ആതിഥേയത്വത്തിനും ശുശ്രൂഷക്കും നല്ല മാതൃകയാണ് മർത്താ. ഭവനമില്ലാത്തവർക്ക് തന്റെ ഭവനം തുറന്നുകൊടുക്കാനും മറ്റുള്ളവരുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് അവർക്ക് വേണ്ടതെല്ലാം വേണ്ടതിലധികം ചെയ്തുകൊടുക്കാനും ശ്രദ്ധിച്ചവളാണവൾ.

**2. മറിയം.** കർത്താവിന്റെ പാദാന്തികത്തിലിരുന്ന് അവിടുത്തെ വചനം വളരെ ശ്രദ്ധയോടെ കേട്ട് അവിടുത്തെ ശിഷ്യർക്കെല്ലാം മാതൃകയായി തീർന്നവളാണ് മറിയം. അവൾ യേശുവിന് സർവ്വതും സമർപ്പിച്ചു. വിലയേറിയതും സൗരഭ്യം പരത്തുന്നതുമായ സുഗന്ധതൈലവും തന്റെ തലമുടികൊണ്ട് തുടക്കലും. പാദാന്തികത്തിൽ ചുംബനവും അവൾ ഏകി. തന്നെ പാപത്തിൽ നിന്നും ശത്രുക്കളിൽ നിന്നും സാത്താന്റെ പിടിയിൽ നിന്നും വിമോചിച്ച് തനിക്ക് അന്തസ്സും പുതുജീവനും ഏകിയ കർത്താവിനുള്ള കൃതജ്ഞതാപ്രകാശനമായിരുന്നത്. ഇവൾ അധികം ക്ഷമിക്കപ്പെട്ടു. അതിനാൽ അധികം സ്നേഹിച്ചു (ലൂക്കാ. 7:47) എന്നാണ് യേശു അവളെപ്പറ്റി പറഞ്ഞത്. ആഴപ്പെട്ട ദൈവസ്നേഹത്തിന്റെ പ്രതീകമാണവൾ. 29–ാം തീയതിക്ക് ഒരാഴ്ച മുമ്പ് നാം തിരുനാൾ ആഘോഷിച്ച മഗ്ദ മറിയവും ലാസറിന്റെ സഹോദരി മറിയവും ഒരാൾ തന്നെയെന്നു കണ്ടാൽ യേശുവിന്റെ മരണം വരെ, അല്ല ഉത്ഥാനം വരെ യേശുനിനോടൊത്തു നിലകൊണ്ടവളാണവൾ. യേശുവിന്റെ അമ്മ മറിത്തോടും യേശു സ്നേഹിച്ച ശിഷ്യനോടുമൊപ്പം കാൽവരി കുരിശിന്റെ കീഴേ നിന്നവളാണവൾ. യേശുവിന്റെ ശരീരം കുരിശിൽ നിന്നിറക്കി സംസ്കരിച്ചപ്പോൾ അവൾ അവിടെയുണ്ടായിരുന്നു. ഉത്ഥാനനാളിൽ അവന്റെ ശരീരം സുഗന്ധതൈലം കൊണ്ട് അഭിഷേകം ചെയ്യാൻ നേരംപുലരും മുമ്പേ ഓടിയെത്തിയവൾ കല്ലറ ശൂന്യമായിരിക്കുന്നതും കാണുകയും. പ്രധാന ശിഷ്യരെ– പത്രോസിനെയും യോഹന്നാനെയും, വിവരം അറിയിക്കുകയും ചെയ്തു. അവൾ കല്ലറയിങ്കലേക്ക് ഓടി. അത് ശൂന്യമാണെന്നുകണ്ട് തിരിച്ചുപോയി. മറിയമാകട്ടെ വിട്ടുമാറാതെ കല്ലറയിങ്കൽ തന്നെ നിന്നു. അവി

ടെവച്ച് ഉത്ഥിതനെ കണ്ടുമുട്ടുകയും,മറിയം എന്ന തന്നെ പേരുചൊല്ലി വിളിച്ച കർത്താവിനെ തിരിച്ചറിയുകയും യേശുവിന്റെ നിർദ്ദേശപ്രകാരം ആ വാർത്ത, ഉത്ഥാനത്തിന്റെ സന്ദേശം ശിഷ്യർക്ക് പകർന്ന് അവൾ അപ്പോസ്തലന്മാരുടെ അപ്പോസ്തലയായി തീർന്നു.

**ലാസർ:** ലാസറിന്റെ വാക്കുകളൊന്നും ബൈബിളിൽ രേഖപ്പെടുത്തിയിട്ടില്ലെങ്കിലും ലാസറിനെപ്പറ്റി ഏറ്റവും നല്ല വിശേഷണമാണ് ബൈബിളിൽ ഉള്ളത്. സഹോദരിമാർ കർത്താവിനയച്ച സന്ദേശത്തിൽ പറഞ്ഞു. അങ്ങ് സ്നേഹിക്കുന്നവൻ. (യോഹ. 11:3) യേശു അവനെകുറിച്ചു പറഞ്ഞു. നമ്മുടെ സ്നേഹിതനായ ലാസർ. (യോഹ. 11:11), ലാസർ യേശുവിന്റെ വലിയ കൂട്ടുകാരനായിരുന്നു. യേശുവിന്റെ സ്വരം ലാസറിന് പരിചിതമായിരുന്നു. യേശുവിനെ കേൾക്കാൻ ലാസർ വളരെ ശ്രദ്ധിച്ചിരുന്നു. അതിനാലാണ് മരിച്ച് അടക്കപ്പെട്ട് കല്ലറക്കകത്ത് ചീഞ്ഞഴുകുന്ന ശവംപോലെയായ അവസ്ഥയിലും യേശുവിന്റെ പേരുചൊല്ലിയുള്ള വിളികേട്ട്, അതനുസരിച്ച് ജീവിക്കുന്നവനായി ലാസർ കല്ലറ വിട്ട് പുറത്തേക്ക് വന്നത്. അവിടെ ലാസർ കർത്താവിനു സാക്ഷിയായി മാറി. അനേകരെ കർത്താവിന്റെ പക്കലേക്ക് അവൻ ആകർഷിച്ച് കൊണ്ടുവന്നു. പിന്നീട് ലാസറും കർത്താവിനുവേണ്ടി കൊല്ലപ്പെട്ടരിക്കാം. അങ്ങനെ രണ്ടാം മരണത്തിലൂടെയും അവൻ യേശുവിനെ മഹത്വപ്പെടുത്തി.

## സമാപനം

അങ്ങനെ യേശു ജറുസലേമിൽ വരുമ്പോൾ താമസിക്കാൻ ഏറ്റം ഇഷ്ടപ്പെട്ട ഭവനത്തിലെ യേശുവിന്റെ ഉറ്റകൂട്ടുകാരായ സഹോദരങ്ങൾ നമുക്ക് എന്നും പ്രചോദനവും മാതൃകയുമാണ്. വാതിൽക്കൽ മുട്ടിവിളിക്കുന്ന യേശുവിനെ മർത്തായേപ്പോലെ ഭവനത്തിലേക്കും കുടുംബത്തിലേക്കും ഹൃദയത്തിലേക്കും സ്വീകരിക്കാനും കർത്താവിന്റെ പാദാന്തികത്തിലിരുന്ന് മറിയത്തെപ്പോലെ അവനെ ശ്രദ്ധയോടും താല്പര്യത്തോടുംകൂടെ ശ്രവിച്ച് അവന്റെ ശിഷ്യരായി വളരാനും ലാസറിനെപ്പോലെ യേശുവിന്റെ ഉറ്റ കൂട്ടുകാരനായി എന്നും ഏതവസ്ഥയിലും അവന്റെ സ്വരം ശ്രവിച്ച്, വിളികേട്ട് കല്ലറവിട്ട് പുറത്തുവരാനും യേശുവിനു സാക്ഷ്യം വഹിച്ച് അവന്റെ പക്കലേക്ക് അനേകരെ ആകർഷിച്ചാനയിക്കാനും. ദൈവം നമ്മെ നിരന്തരം പ്രചോദിപ്പിക്കട്ടെ.

*പത്രാധിപർ*

സ്ഥാപനങ്ങളിലും സന്യാസ ഭവനങ്ങളിലും പ്രത്യേക പ്രാർത്ഥനകൾ നടത്തുക ഉചിതമാണ്. കേസ് വാദിക്കുന്ന വക്കീലന്മാരെയും, വിധി കല്പിക്കുന്ന ജഡ്ജിമാരേയും പ്രത്യേകം സമർപ്പിച്ചു പ്രാർത്ഥിക്കാം.

*ഈശോയിൽ സ്നേഹപൂർവ്വം,*

**ബിഷപ് ഗീവർഗ്ഗീസ് മാർ അപ്രേം**
*ചെയർമാൻ, കെസിബിസി എസ് സി/എസ് ടി/ബിസി കമ്മീഷൻ*

**ബിഷപ് ഡോ. വിൻസെന്റ് സാമുവൽ**
*വൈസ്ചെയർമാൻ, കെസിബിസി എസ് സി/എസ് ടി/ബിസി കമ്മീഷൻ*

**ബിഷപ് മാർ സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ**
*വൈസ് ചെയർമാൻ, കെസിബിസി എസ് സി/എസ് ടി/ബിസി കമ്മീഷൻ*

പി.ഒ.സി, കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി, 682025

NB :2023 ജൂലൈ 2-ാം തീയതി ഞായറാഴ്ച ഈ സർക്കുലർ കേരളത്തിലെ സീറോമലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും, സന്യാസ ഭവനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചു കൊടുക്കുകയോ ചെയ്യേണ്ടതാണ്.

## കെ.എൽ.സി.എ. ജാഗ്രത സദസ്സും മെറിറ്റ്ഡേയും



വിജയപുരം രൂപത KLCAയുടെ ആഭിമുഖ്യത്തിൽ മുണ്ടക്കയം സെന്റ് മേരിസ് റോമൻ കാത്തലിക് പള്ളിയിൽ വച്ച് ജന ജാഗ്രത സദസ്സും മെറിറ്റ്ഡേയും നടത്തി. രൂപതാ പ്രസിഡന്റ് ശ്രീ. എബി കുന്നേപറമ്പിൽ അധ്യക്ഷത വഹിച്ചു. സംസ്ഥാന പ്രസിഡന്റ് അഡ്വ. ഷെറി ജെ തോമസ് ഉദ്ഘാടനം ചെയ്തു പ്രശസ്ത സീരിയൽ താരത്തെയും എംബിബിഎസ് ബിരുദധാരികളെയും സെബാസ്റ്റ്യൻ കുളത്തുങ്കൽ എംഎൽഎ ആദരിച്ചു. ആന്റോ ആന്റണി എം.പി മുഖ്യപ്രഭാഷണം നടത്തി.

ലത്തീൻ കത്തോലിക്ക ജാതി സർട്ടിഫിക്കറ്റ് തടസ്സങ്ങൾ, ബഫർസോൺ വിഷയം, വന്യമൃഗങ്ങളുടെ ശല്യം, സ്കോളർഷിപ്പ് വിഷയം, വിദ്യാഭ്യാസ സംവരണം ഉയർത്തുക തുടങ്ങിയ വിഷയങ്ങളിൽ സംസ്ഥാന പ്രസിഡണ്ട് അഡ്വ ഷെറി ജെ തോമസ് ക്ലാസ് നടത്തി. ഡയറക്ടർ ഫാദർ ജോഷി പുതുപ്പറമ്പിൽ, ജനറൽ സെക്രട്ടറി ഷിജോ ബാബു പുളിമൂട്ടിൽ, ദേവസ്യ ആന്റണി, ട്രഷറർ റെജി ചാക്കോ തുടങ്ങിയവർ നേതൃത്വം നൽകി.

# യുവാക്കൾ സഭയുടെ മുതൽക്കൂട്ട്

ഫാ. ജോൺ വിയാനി

ന്യൂജൻ എന്ന വാക്ക്, ചില പ്രത്യേകതകളോടെ കാര്യങ്ങൾ പറയുകയും ചെയ്യുകയും ചെയ്യുന്നതിനെ സൂചിപ്പിക്കുന്നതിനാണല്ലോ ഉപയോഗിക്കുന്നത്. അതിനാൽ ന്യൂജൻ ആയിരിക്കുകയെന്നാൽ ചില പ്രത്യേകതകൾ ഉണ്ടായിരിക്കുക എന്നതാണെന്നു ധ്വനിയുണ്ട്. ന്യൂജൻ എന്നു വ്യാഖ്യാനിക്കാവുന്ന ചില പ്രത്യേകതകൾ സ്വായത്തമാക്കുന്നതിലൂടെ യൗവനം സൂക്ഷിക്കാൻ കഴിയുമെന്ന ധാരണ ഇപ്പോൾ നിലവിലുണ്ട്. ഈ പശ്ചാത്തലത്തോട് ഫ്രാൻസിസ് പാപ്പാ പറയുന്ന ചില കാര്യങ്ങൾ കൂട്ടിവച്ചു വായിക്കാനാവും.

ക്രിസ്തു ജീവിക്കുന്നു' എന്ന അപ്പോസ്തലിക പ്രബോധനത്തിലൂടെ. ഫ്രാൻസിസ് പാപ്പാ യുവജനതയോടു പറഞ്ഞത് 'സഭയെ വാർദ്ധക്യത്തിലാക്കുന്നവരിൽ നിന്ന് മോചിപ്പിക്കാൻ നമുക്ക് കർത്താവിനോടു പ്രാർഥിക്കാം.' എന്നാണ്. അദ്ദേഹം ഇങ്ങനെ കൂടി ചേർക്കുന്നുണ്ട്: 'എന്നാൽ മറ്റൊരു പ്രലോഭനത്തിൽ നിന്ന് അവളെ മോചിപ്പിക്കാൻ നമുക്ക് അവനോട് ആവശ്യപ്പെടാം: കാരണം തനിക്കു ലഭിച്ച സന്ദേശം മാറ്റിവെച്ച് ലോകം വാഗ്ദാനം ചെയ്യുന്നതെല്ലാം സ്വീകരിച്ചതുകൊണ്ടാണ് താൻ ചെറുപ്പമായിരിക്കുന്നതെന്നും  മറ്റെല്ലാവരെയും പോലെ പ്രവർത്തിക്കുന്നതുകൊണ്ടാണ് നവീകരിക്കപ്പെട്ടതെന്നും സഭ കരുതുന്നു. ഇല്ല! സഭ യൗവനയുക്തയായിരിക്കുന്നത് അവൾ അവളായിരിക്കുമ്പോഴാണ്; ..........തന്റെ ഉറവിടത്തിലേക്കു നിരന്തരം മടങ്ങാൻ  കഴിവുള്ളവളായിരിക്കുമ്പോഴാണ് സഭ ചെറുപ്പമായിരിക്കുന്നത്'. ചില പ്രത്യേകതകൾ സ്വന്തമാക്കിക്കൊണ്ടല്ല, ക്രിസ്തുവിലേക്കു ചേർന്നിരുന്നു കൊണ്ടാണ് സഭയ്ക്കു തന്റെ യൗവനത്തിന്റെ സൗന്ദര്യം സൂക്ഷിക്കാനാവുന്നതെന്നു ഫ്രാൻസിസ് പാപ്പാ പറഞ്ഞു വയ്ക്കുന്നത് സഭാമക്കൾക്കും ബാധകമാണ്.

'യുവാക്കൾ നിരാശരാകാനുള്ളവരല്ല. മഹത്തായ കാര്യങ്ങൾ സ്വപ്നം കാണാനും വിശാലമായ ചക്രവാളങ്ങൾ തേടാനും, ഉയർന്ന ലക്ഷ്യങ്ങൾ നേടാനും ലോകത്തെ ഏറ്റെടുക്കാനും വെല്ലുവിളികൾ സ്വീകരിക്കാനും മെച്ചപ്പെട്ട എന്തെങ്കിലും കെട്ടിപ്പടുക്കാൻ തങ്ങളുടെ ഏറ്റവും മികച്ചത് നൽകാനും കഴിയുന്നവരാണവർ' എന്നു പാപ്പാ പറയുമ്പോൾ ഒരു നല്ല ലോകം സ്വപ്നം കാണാനും അതിനു വേണ്ടി ഇറങ്ങിത്തിരിക്കാനും കഴിയുന്നവരാണെന്ന പ്രത്യാശയാണ് അദ്ദേഹം പങ്കുവയ്ക്കുന്നത്. യേശു പിതാവിന്റെ രാജ്യം സ്വപ്നം കാണുകയും അതിനുവേണ്ടി സ്വയം സമർപ്പിക്കുകയും ചെയ്തയാളാണല്ലോ. യേശു യുവാവായിരിക്കുമ്പോഴാണ് അതു ചെയ്തത്. അതിനാൽ യേശുവിന്റെ സ്വപ്നത്തിൽ പങ്കുചേരുമ്പോൾ അവന്റെ യൗവനത്തിലാണു നാം പങ്കുചേരുന്നത്. അത് യുവത്വം സൂക്ഷിക്കാനുള്ള വഴി കൂടിയാണ്. യേശുവിന്റെ യൗവനത്തിൽ പങ്കുചേരാനും അവിടത്തോടൊപ്പം യുവത്വത്തിന്റെ സ്വപ്നങ്ങൾ പങ്കുവയ്ക്കാനും സാധിക്കുന്നവരൊക്കെയും യുവജനങ്ങളാണ്. അവരുടെ സാന്നിധ്യത്തിലൂടെ സഭയും തന്റെ യൗവനം സൂക്ഷിക്കുന്നു.

## കേരള ലാറ്റിൻ കാത്തലിക് അസോസിയേഷന്റെ പ്രതിഷേധം




(KLCA) മണിപ്പൂരിൽ ഗോത്ര വർഗ്ഗ പ്രക്ഷോഭങ്ങളുടെ മറവിൽ ആസൂത്രിതമായി ക്രൈസ്തവർക്കെതിരെയും ക്രിസ്തീയ ആരാധനാലയങ്ങൾക്കും സ്ഥാപനങ്ങൾക്കുമെതിരെയും നടക്കുന്ന സംഘടിത ആക്രമണങ്ങൾ അവസാനിപ്പിക്കുവാനുള്ള നടപടി എടുക്കുക, മണിപ്പൂരിലെ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിൽ പരാജയപെട്ട കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ജനദ്രോഹ നടപടികൾക്കെതിരെ പ്രതിഷേധിക്കുക,മണിപ്പൂർ ജനതയ്ക്ക് ഐക്യദാർഢ്യം പ്രഖ്യാപിക്കുക എന്നീ ആവശ്യങ്ങൾ മുൻനിർത്തി ജൂൺ 4 ഞായറാഴ്ച സംസ്ഥാനത്തെ 12 ലത്തീൻ രൂപതകളിലും പ്രതിഷേധ ദിനം സംഘടിപ്പിക്കുന്നതിൻറെ ഭാഗമായി വിജയപുരം രൂപതയിലും കെഎൽസിഎ വിഭിന്നങ്ങളായ പ്രതിഷേധ പരിപാടികൾ സംഘടിപ്പിച്ചു. രൂപതയിലെ എല്ലാ കെ എൽ സി എ അംഗങ്ങളും കാലികപ്രസക്തമായ ഈ പ്രശ്നത്തിൽ പരിഹാരം കാണണമെന്ന് ശക്തിയുക്തം ആവശ്യപ്പെട്ടു.

## തിരുവല്ല മേഖല മതബോധന ദിനാചരണം




തിരുവല്ല മേഖല മതബോധന ദിനം 17/ 6 /2023 ശനിയാഴ്ച 9 30 മുതൽ 3 മണി വരെ ചങ്ങനാശ്ശേരി മേരി മൗണ്ട് ദേവാലയത്തിൽ വെച്ച് നടന്നു. ബഹുമാനപ്പെട്ട സ്റ്റീഫൻ പുത്തൻപറമ്പിൽ അച്ചൻ അധ്യക്ഷത വഹിച്ച മീറ്റിങ്ങ് സോണൽ ഡയറക്ടർ ഫാ. ജോഷി പുതുപ്പറമ്പിൽ ഉദ്ഘാടനം

ചെയ്തു. ബഹുമാനപ്പെട്ട ജോർജ് ലോബോ അച്ചൻ സന്നിഹിതനായിരുന്നു. 12 യൂണിറ്റുകളിൽ നിന്നായി 103 മതാധ്യാപകർ പങ്കെടുത്തു.ഉദ്ഘാടന സമ്മേളനത്തിനും ശേഷം ദിവ്യകാരുണ്യത്തെക്കുറിച്ച് ചങ്ങനാശ്ശേരി രൂപത വൈദികനായ ബഹുമാനപ്പെട്ട ജിസൺ പോൾ വേങ്ങശ്ശേരി ക്ലാസ്സ് നയിച്ചു. തുടർന്ന് കാഞ്ഞിരപ്പള്ളി രൂപതാംഗവും മോട്ടിവേഷണൽ സ്പീക്കറുമായ ശ്രീ സാജൻ പാപ്പച്ചൻ സർ ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ കുട്ടികൾക്ക് എങ്ങനെ നവീനരീതിയിൽ വിശ്വാസ പരിശീലനം നൽകാം എന്നതിനെക്കുറിച്ച് ക്ലാസ് എടുത്തു. തുടർന്ന് നടന്ന സമാപന സമ്മേളനത്തിൽ രൂപത മതബോധന ഡയറക്ടർ ബഹുമാനപ്പെട്ട വർഗീസ് കോട്ടയ്ക്കാട്ട് അച്ചൻ സന്ദേശം നൽകി തിരുവല്ലമേഖലാ സെക്രട്ടറി സിസ്റ്റർ മേരി ബെറ്റ്സി ഡി ഐ എച്ച് ഏവർക്കും നന്ദി അർപ്പിച്ചു.

## മൂന്നാർ മേഖല മതബോധന ദിനാചരണം



മതബോധനം ക്രിസ്തുവിലേക്ക് വളരാനും വ്യക്തി ജീവിതത്തെ ബലപ്പെടുത്താനുമുള്ള മാർഗ്ഗമാണെന്ന് വിജയപുരം രൂപതാ മതബോധന ഡയറക്ടർ ഫാ.വർഗ്ഗീസ് കോട്ടയ്ക്കാട്ട് പറഞ്ഞു. മൂന്നാർ ഇടവകയിൽ വച്ച് രൂപതാതല മതബോധനത്തിന്റെ 2023-24 വർഷത്തെ അധ്യയന വർഷം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. 2023 ജൂൺ 4-ാം തീയതി രാവിലെ മൂന്നാർ മൗണ്ട് കാർമ്മൽ ദേവാലയത്തിൽ വച്ചു നടന്ന ദിവ്യബലിയിൽ അദ്ദേഹം മുഖ്യകാർമ്മികനായിരുന്നു. പിന്നീട് ഫാ. അൽഫോൻസ് മെമ്മോറിയൽ കാറ്റക്കെറ്റിക്കൽ സെന്ററിൽ വച്ചു നടന്ന സമ്മേളനം അദ്ദേഹം ഉദ്ഘാടനം ചെയ്തു. ഹെഡ്മിസ്ട്രസ് സിസ്റ്റർ ലിജി അധ്യക്ഷത വഹിക്കുകയും ഫൊറോനാ വികാരി ഫാ.മൈക്കിൾ വലിയിഞ്ചിയിൽ അനുഗ്രഹ പ്രഭാഷണം നടത്തുകയും ചെയ്തു. പാരിഷ് കൗൺസിൽ സെക്രട്ടറി നിഗേഷ് ഐസക്ക്, സിസ്റ്റർ റോസിലി തോമസ്, സിസ്റ്റർ ഫിലോ, ശ്രീമതി ബേബില, മതബോധന സെക്രട്ടറി ശ്രീ. ജൂഡ്സൺ പിൻഹീറോ തുടങ്ങിയവർ ആശംസകൾ അർപ്പിച്ചു.

# വി.എസ്.എസ്.എസ്. വാർത്തകൾ

## പഠന ശിബിരം

വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റി സ്റ്റാഫ് പരിശീലന പദ്ധതിയുടെ ഭാഗമായി പ്രവർത്തനശേഷി വർദ്ധന എന്ന വിഷയത്തിൽ ഓഫീസ് ജീവനക്കാർക്കും, ആനിമേറ്റർമാർക്കുമായി സംഘടിപ്പിച്ച ഏകദിന പഠനശിബിരം അമലനിലയത്തിൽ ഡയറക്ടർ ഫാ. അഗസ്റ്റിൻ ബിനോയ് മേച്ചേരിൽ ഉദ്ഘാടനം ചെയ്തു. ആനിമേറ്റർ എന്നത് ഇടവകയും സൊസൈറ്റിയും തമ്മിലുള്ള കണ്ണിയാണ്. കാലിക മാറ്റങ്ങൾ ഉൾകൊണ്ട് ഇച്ഛാശക്തിയോടെ പ്രവർത്തിച്ചാൽ സമൂഹത്തെ ക്രിയാത്മകമായി ചലിപ്പിക്കാൻ നിങ്ങൾക്കു കഴിയും. നമ്മുടെ പ്രവർത്തനം ഒരു സുവിശേഷ ദൗത്യമായി കൂടി കാണാൻ കഴിയണം ബഹു ഡയറക്ടർ പറഞ്ഞു.

മാന്നാനം കെ.ഇ. കോളേജ് പ്രൊഫ. ഡോ. എലിസബേത്ത് അലക്സാണ്ടർ ക്ലാസ് നയിച്ചു. ആനിമേറ്റർമാർ സൊസൈറ്റിയുടെ പ്രവർത്തനങ്ങൾക്ക് താഴെത്തട്ടിൽ ജീവൻ കൊടുക്കുന്നവരാണ്. നിങ്ങൾക്കൊരു നേതൃപാടവമുണ്ട് കാലികമാറ്റങ്ങളും അറിവും ഉൾക്കൊണ്ട് അവയെ നവീകരിക്കുകയും സജീവമാക്കുകയും ചെയ്യുക. ജനങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുക, വ്യക്തികളുടെ പ്രശ്നങ്ങളെ പ്രത്യേകമായി അഭിമുഖീകരിക്കുക, അടിയന്തിരഘട്ടങ്ങളിൽ നിങ്ങളെ ആശ്രയിക്കാമെന്ന് പ്രവർത്തനങ്ങൾവഴി അവരെ ബോധ്യപ്പെടുത്തുക. ഇതെല്ലാമാകുമ്പോഴാണ് വി.എസ്.എസ്.എസിന്റെ പ്രവർത്തനങ്ങൾ ഫലം കാണുക. ശരിയായ ആശയവിനിമയ രീതിയും സ്വായത്തമാക്കേണ്ടതുണ്ട്. പ്രവർത്തനങ്ങൾക്ക് ഒരു മുൻആസൂത്രണവും അനിവാര്യമാണ് ഡോ. എലിസബത്ത് അലക്സാണ്ടർ ചൂണ്ടിക്കാട്ടി. അസോ.പ്രൊഫ. മെറിൻ പി.ഡി.യുടെ നേതൃത്വത്തിൽ അവതരിപ്പിക്കപ്പെട്ട പാട്ട്, ഗ്രൂപ്പ്ഗയിം എന്നിവ ആശയ വ്യക്തതയ്ക്കും വിനോദത്തിനും സഹായിച്ചു.



## ഏ.സി.എസ്.ഐ. സംഗമം

പഠന മികവു പുലർത്തുന്ന കുട്ടികൾക്കായി ഫ്രാൻസ് ആസ്ഥാനമായ ഏ.സി.എസ്.ഐ.യുടെ സഹകരണത്തോടെ വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റി ആവിഷ്ക്കരിച്ച വിദ്യാഭ്യാസ പദ്ധതിയുടെ മൂന്നാർ മേഖലയിലെ ഗുണഭോക്താക്കൾക്കും മാതാപിതാക്കൾക്കുമായി സംഘടിപ്പിച്ച ലഹരിവിരുദ്ധ ബോധവത്ക്കരണപരിപാടി കുട്ടിക്കാനം തേജസ്സിൽ പാമ്പനാർ ഫൊറോന വികാരി പെരിയ ബഹു. ജോസ് ഫാ. കുരുവിള കാടൻ തുരുത്തേലിന്റെ അദ്ധ്യക്ഷതയിൽ മൂന്നാർ മേഖലാ ഡയറ്കടർ ഫാ. ഫ്രാൻസിസ് കമ്പോളത്തുപറമ്പിൽ ഉദ്ഘാടനം ചെയ്തു. പീരുമേട് എക്സൈസ് ഓഫീസർ സതീഷ് ക്ലാസ് നയിച്ചു. ഏ.സി.എസ്.ഐ. പ്രവർത്തകർ വെബിനാർവഴി കുട്ടികളുമായി സംവദിച്ചു. വിവിധ കലാപരിപാടികളും അരങ്ങേറി. കോ. ഓർഡിനേറ്റർ സി. സൂസൻ, ആരോഗ്യ സ്വാമി ചീന്തലാർ എന്നിവർ സംസാരിച്ചു.




ഏ.സി.എസ്.ഐ. ലഹരി വിരുദ്ധ ബോധവത്ക്കരണം
ഫാ. ഫ്രാൻസിസ് കമ്പോളത്തുപറമ്പിൽ സംസാരിക്കുന്നു

## സജീവം ലഹരി വിരുദ്ധ പ്രചരണ പരിപാടി തിരുവല്ല മേഖല

വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റി കോട്ടയം, ഇടുക്കി, പത്തനംതിട്ട, എറണാകുളം ജില്ലകളിൽ നടത്തുന്ന ലഹരിവിരുദ്ധ യജ്ഞത്തിന്റെ തിരുവല്ല മേഖലയുടെ ഉദ്ഘാടനം തിരുവല്ല ഡി.വൈ.എസ്.പി. അഷാദ് എസ്. നിർവ്വഹിച്ചു. തുകലശ്ശേരി സെന്റ് ജോസഫ് പാരിഷ് ഹാളിൽ നടന്ന സമ്മേളനത്തിന് വികാരി ഫാ. തിയോഫിൻ വെർണാഡ്, തുരുത്തിക്കോണം അദ്ധ്യക്ഷത വഹിച്ചു. സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ ഫാ. അഗസ്റ്റിൻ ബിനോയ് മേച്ചേരിൽ മുഖ്യപ്രഭാഷണം നടത്തി. മേഖലാ പ്രസിഡന്റ് ഫാ. ജോഷി പുതുപ്പറമ്പിൽ, വാർഡ് മെമ്പർ ഫിലിപ് എം. ജോർജ്, സജീവം പ്രോഗ്രാം കോർഡിനേറ്റർ സെബാസ്റ്റ്യൻ മറ്റത്തിൽ മേഖലാ സെക്രട്ടറി ഷാജി ജോസഫ്, ലിസി പീറ്റർ എന്നിവർ പ്രസംഗിച്ചു. സമ്മേളനത്തിന് മുന്നോടിയായി നടന്ന ബോധവത്ക്കരണ ക്ലാസ്സ് തിരുവല്ല സിവിൽ എക്സൈസ് ഓഫീസർ

ശ്രീമതി കാർത്തി ആർ. നയിച്ചു. മേഖലയിലെ വിവിധ ഇടവകകളിൽ നിന്നും പി.ഡി.സി.യുടെ പ്രതിനിധികൾ ഉദ്ഘാടന സമ്മേളനത്തിൽ പങ്കെടുത്തു. ഡി.വൈ.എസ്.പി. അഷാദ് എസ്. പ്രതിജ്ഞാവാചകം ചൊല്ലിക്കൊടുത്തു.

## ബാലവേദി അവധിക്കാല ക്യാമ്പ്

കുട്ടികളിൽ വിദ്യാഭ്യാസ പരിപോഷണ പ്രവർത്തനങ്ങൾ നടത്തുക, സാംസ്കാരിക സാമൂഹ്യാഭിരുചികൾ വളർത്തി അവരെ ചിന്താശേഷിയും അവകാശബോധമുള്ളവരുമാക്കുക എന്നീ ലക്ഷ്യത്തോടെ വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ രൂപീകൃതമായിട്ടുള്ളവയാണ് വിജയ്ബാലവേദികൾ. ഇതിലെ അംഗങ്ങൾക്കായി സംഘടിപ്പിച്ച അവധിക്കാല ക്യാമ്പ് 'നിറം' അമയന്നൂരിൽ സൊസൈറ്റി ഡയറക്ടർ ഫാ. അഗസ്റ്റിൻ ബിനോയ് മേച്ചേരിൽ ഉദ്ഘാടനം ചെയ്തു. ജീവിത പാടവം എന്നീവിഷയത്തിൽ കോ. ഓർഡിനേറ്റർ മാത്യു ജോസഫ്, സെബാസ്റ്റ്യൻ മറ്റത്തിൽ, രാജു ടി.കെ., ബിൻസി ജോസ്, മിനി വിനോദ്, ഷിലി ഏബ്രഹാം, ശില്പ ബാബു എന്നിവർ ക്ലാസ് നയിച്ചു. 22 ഇടവകകളിലായി 840 കുട്ടികൾ പങ്കെടുത്ത ക്യാമ്പിൽ പുതിയ യൂണിറ്റുകളുടെ രൂപീകരണവും ഭാരവാഹികൾ, രക്ഷാധികാരികൾ എന്നിവരുടെ തെരഞ്ഞെടുപ്പും നടന്നു.

ബാലവേദി അവധിക്കാല ക്യാമ്പിൽ നിന്നും








*പരിസ്ഥിതി ദിനത്തിൽ വി.എസ്.എസ്.എസ്. വളപ്പിൽ*
*പെരിയ ബഹു. ഫാ. വിൽസൺ ആന്റണി കപ്പട്ടിൽ വൃക്ഷത്തൈ നടുന്നു*

## ആശാകിരണം രോഗീസഹായ പദ്ധതിയിലേക്ക് വിവിധ ഇടവകകൾ സമാഹരിച്ച് നല്കിയ തുക

| | | | |
|---|---|---|---|
| മധുരവേലി | - 1250/- | വെച്ചൂച്ചിറ | - 1400/- |
| മാരാമൺ | - 10,000/- | വനവാതൂക്കര | - 3500/- |
| എരുമേലി | - 2500/- | | |



വണ്ടിപ്പെരിയാർ അസംപ്ഷൻ ഇടവകയിലെ 2023-24 അദ്ധ്യയന വർഷത്തേക്കുള്ള മധബോധനത്തിന് തുടക്കം കുറിച്ചു ഇടവക വികാരി റവ.ഫാ.ഫ്രാൻസിസ് നെടുമ്പറമ്പിൽ മതാധ്യാപകരെ കുർബാന മധ്യേ സത്യപ്രതിജ്ഞയോടെ നിയമിച്ചു. തുടർന്ന് പ്രവേശനോത്സവവും, സമ്മാന വിതരണവും നടന്നു. സഹ വികാരി റവ.ഫാ.ജിഥിൻ, ഇടവക സമിതി സെക്രട്ടറി, ക്ലൂണികോൺവെന്റ് മദർ സുപ്പീരിയർ ലൂസി എബ്രാഹാം എന്നിവർ ആശംസകൾ അർപ്പിച്ചു.

